**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2139** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . കെ . ശശി | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; ഇതിനായി എത്ര തുകയാണ് ഓരോ ആരോഗ്യകേന്ദ്രത്തിലും വിനിയോഗിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പി.എച്ച്.സികളായിരുന്ന നെല്ലായ, അടക്കാ പുത്തൂർ എന്നിവയെ എഫ്.എച്ച്.സികളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി ആയിരുന്ന ചളവറ, പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളായിരുന്ന വാണിയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നിവയെ കുടുംബാ രോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പി.എച്ച്.സി.കളെ എഫ്.എച്ച്.സി. കളായി ഉയർത്തുന്നതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. സ്ഥാപനത്തിന്റെ പേര് വിനിയോഗിച്ച തുക 1 പി.എച്ച്.സി. അടയ്ക്കാപുത്തൂർ 820,000 2 പി.എച്ച്.സി. നെല്ലായ 1,600,000 3 പി.എച്ച്.സി. ചളവറ 1,243,707 4 പി.എച്ച്.സി. വാണിയംകുളം 1,400,000 5 പി.എച്ച്.സി. വെള്ളിനേഴി 1,400,000 |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിനായി എത്ര അധിക തസ്തികകളാണ് ഓരോ കേന്ദ്രത്തിലും പുതിയതായി സൃഷ്ടിച്ചിട്ടുള്ളത് എന്ന വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ |

| | | | |
|---|---|---|---|
| | | | മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനു തകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കി വരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തി വരുന്നു. പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു ആർദ്രം സ്ഥാപനം പുതുതായി സൃഷ്ടിച്ച തസ്തികകൾ ഒന്നാം ഘട്ടം എഫ്.എച്ച്.സി നെല്ലായ അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2 ഫാർമസിസ്റ്റ്-1 ലാബ് ടെക്നീഷ്യൻ-1 എഫ്.എച്ച്.സി അടക്കാപുത്തൂർ അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2 ഫാർമസിസ്റ്റ്-1 ലാബ് ടെക്നീഷ്യൻ-1 രണ്ടാം ഘട്ടം സി.എച്ച്.സി ചളവറ സ്റ്റാഫ് നഴ്സ്-1 എഫ്.എച്ച്.സി വാണിയംകുളം അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-1 ലാബ് ടെക്നീഷ്യൻ-1 എഫ്.എച്ച്.സി വെള്ളിനേഴി അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-1 എഫ്.എച്ച്.സി തൃക്കടീരി അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2 |

സെക്ഷൻ ഓഫീസർ